# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6951 — 13.07.2012 ൽ മറുപടിയ്ക്ക്

## ശബരിമലയിലും പമ്പയിലും സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

ചോദ്യം : ശ്രീ. രാജു എബ്രഹാം

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) ശബരിമല സന്നിധാനത്തിലും പമ്പയിലും സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ എന്നാണ് ഭരണാനുമതി നൽകിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്ലാന്റിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്ലാന്റ് നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ?

(എ)&(ബി)&(സി) **Pamba Action Phase - I Programme**

18/3/2003-ലെ സ.ഉ.(സാ)നം.1409/03/ ജ.വി.വ പ്രകാരം പമ്പാ ആക്ഷൻ പ്ലാനിന്റെ നടത്തിപ്പിനായി 18.45 കോടി രൂപ അനുവദിച്ചത് 12 പ്രവൃത്തികൾക്കായാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സന്നിധാനത്തിൽ 3 MLD Sewage Treatment Plant.
2. പമ്പയിലെ 1.5 MLD Sewage Treatment Plant.
3. ശബരിമലയിലും പമ്പയിലും മാലിന്യ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള ടാങ്കുകളും പമ്പ് ചെയ്ത് മാറ്റുന്നതിനും ഉള്ള അഴുക്കുചാൽ നിർമ്മാണവും.
4. ശബരിമലയിൽ 300 കക്കൂസുകളും പമ്പയിൽ 400 കക്കൂസുകളും 100 കുളിമുറികളും.
5. ഖരമാലിന്യ സംസ്കരണം.
6. ശബരിമലയിലേയും പമ്പയിലേയും നിലവിലുള്ള അഴുക്കുചാലുകൾ മാറ്റുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
7. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ.
8. കക്കാത്തോടിലും ഒരുകുഴി തീർത്ഥം തോടിലും weir കളുടെ നിർമ്മാണം.
8. കക്കാത്തോടിലും ഒരുകുഴി തീർത്ഥം തോടിലും weir കളുടെ നിർമ്മാണം.
9. പമ്പാ നദിയിലേയും കക്കിനദിയിലേയും മാലിന്യങ്ങൾ തള്ളി വിടുന്നതിന് സംഗമ സ്ഥലത്തിനു മുകളിലായി സ്റ്റോറേജ് വിയറും അനുബന്ധ പണികളും മാലിന്യസ്രോതസ്സുള്ള

ഭാഗങ്ങളിൽ വേലികളും വിയറിനടുത്ത് ജനറേറ്ററിന് വേണ്ടിയുള്ള സ്റ്റോറേജ് ഷെഡ് നിർമ്മാണവും.

10. പമ്പയിലെ കുളിക്കടവിലേയ്ക്ക് ഞുണങ്ങാർ നദിയിൽ നിന്ന് മാലിന്യങ്ങൾ ക ടക്കുന്നത് തടയാനായി ആറാട്ട് കടവ് കുളിക്കടവിന്റെ താഴ് ഭാഗത്ത് വിയറിന്റെ നിർമ്മാണം.

11. പമ്പാനദിയുടെ ഇടതുകരയിൽ നിലവിലുള്ള കുളിക്കടവിന് എതിർ വശത്ത് പുതിയതായി കുളിക്കടവ് നിർമ്മാണവും അനുബന്ധ പ്രവർത്തികളും.

12. പോതുജന ബോധവൽക്കരണം.

തിരുവിതാംകൂർ ദേവസ്വം ബോർഡിനെയാണ് മേൽപ്പറഞ്ഞ 8 പ്രവൃത്തികളും (16.47 കോടി രൂപ) നടപ്പാക്കാൻ ഏൽപ്പിച്ചിരുന്നത്.

ക്രമനമ്പർ 1, 2, 3, 6 അതായത് പമ്പയിലും സന്നിധാനത്തിലുമുള്ള Sewage Treatment Plant ന്റെ പണികൾ സന്നിധാനത്തില Sewage Treatment Plant-ന്റെ capacity 3 MLD യിൽ നിന്നും 5 MLD ആക്കിയ സാഹചര്യത്തിൽ 17/4/2009-ലെ സ.ഉ. നം.421/09/ജ.വി.വ പ്രകാരം Kerala Water Authority യെ പണികൾ ചെയ്യുവാൻ ഏൽപ്പിച്ചു.

മുകളിലെ ക്രമനമ്പർ 4, 5 എന്നിവയിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ തിരുവിതാംകൂർ ദേവസ്വം ബോർ ഡ് പൂർത്തീകരിച്ചു. ക്രമനമ്പർ 7, 8 എന്നിവ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കി.

ക്രമനമ്പർ 9, 10, 11 എന്നിവ (കുളിക്കടവ്, തടയണകളും) പമ്പയിൽ നിർമ്മിക്കുവാൻ ജലസേചന വകുപ്പിനെ 1.73 കോടി രൂപയുള്ള പണികൾ ഏൽപ്പിക്കുകയും അവ പൂർത്തീകരിക്കുകയും ചെയ്തു.

ക്രമനമ്പർ 12 (പൊതുജന ബോധവത്ക്കരണം) 24.84 ലക്ഷം രൂപയ്ക്ക് Kerala Water Authority യെ ഏൽപ്പിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തു.

ആകെ 7.68 കോടി രൂപയുടെ പണികൾ നാളിതുവരെ പൂർത്തീ കരിച്ചു.

സന്നിധാനത്തിലെയും പമ്പയിലെയും Sewage Treatment Plant-ന്റെ ശേഷി 5 MLD ആക്കിയ സാഹചര്യത്തിൽ NEERI യെ കൊണ്ട് STP യുടെ അനുയോജ്യമായ ഘടന തയ്യാറാക്കിക്കുകയുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം Kerala Water Authority പണികൾ ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ